ഉത്തരം

(എ&ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ബോർഡിന്റെ തനത് ഫണ്ടിൽനിന്നും ഏകദേശം 18.31 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

നമ്പർ	പഞ്ചായത്തിന്റെ പേര്	ചെലവാക്കിയ തുക (ലക്ഷം)
1.	പനങ്ങാട്	3.84
2.	ബാലുശ്ശേരി	4.94
3.	അത്തോളി	2.56
4.	ഉള്ളിയേരി	3.11
5.	തലക്കുളത്തൂർ	2.38
6.	നൻമണ്ട	1.46

ആലുവ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

167 (5572) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന്, എത്ര തുക വേണ്ടി വന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 541 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) ഇതിനായി ഏകദേശം 36.11 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly